**പതിനാലാം കേരള നിയമസഭ**

**പതിനാൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1340** **06/03/2020- ൽ മറുപടിയ്ക്ക്**

**തെങ്ങുകളിലെ രോഗ നിയന്ത്രണം**

| ചോദ്യം<br>ശ്രീ.കെ.എൻ.എ ഖാദർ | | ഉത്തരം<br>ശ്രീ.വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | തെങ്ങുകളിൽ പടർന്നു പിടിക്കുന്ന മണ്ഡരി രോഗവും തെങ്ങോലകളിൽ വ്യാപിക്കുന്ന വെള്ളീച്ചയും കാരണം നാളികേര ഉല്പാദനം ഗണ്യമായ തോതിൽ കുറയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഈ രോഗങ്ങളെ ഫലപ്രദമായി നിയന്ത്രിക്കുന്നതിന് കൃഷി വകുപ്പ് വേണ്ട ഇടപെടലുകൾ നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | തെങ്ങുകളെ ബാധിക്കുന്ന കീടരോഗങ്ങൾ ഫലപ്രദമായി നിയന്ത്രിക്കുന്നതിന് കൃഷി വകുപ്പ് ഇടപെടലുകൾ നടത്തിയിട്ടുണ്ട്. 2019-2020 സാമ്പത്തിക വർഷം തെങ്ങുകളെ ബാധിക്കുന്ന കീടരോഗങ്ങൾക്കെതിരെ പ്രതിരോധമാർഗ്ഗങ്ങൾ കാമ്പയിൻ അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനായി 200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കീടരോഗസാന്നിദ്ധ്യത്തിന്റെ സ്ഥിതിവിവരക്കണക്കുകൾ അനുസരിച്ച് സ്ഥിരമായി കീടരോഗാക്രമണം കൂടുതലുള്ള പ്രദേശങ്ങൾ (hot spots) കേന്ദ്രീകരിച്ച് തെങ്ങുകൾക്ക് കാമ്പയിൻ അടിസ്ഥാനത്തിൽ സംയോജിത കീടനിയന്ത്രണ പ്രവർത്തനങ്ങൾ നടത്തുന്നതിന് ഹെക്ടറിന് 17500 രൂപ ധനസഹായം നൽകികൊണ്ട് 1084 ഹെക്ടറിൽ പദ്ധതി നടപ്പിലാക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്. ഇതിലേക്കായി 189.7 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കീടരോഗാക്രമണം കൂടുതലുള്ള പ്രദേശങ്ങൾ കണ്ടുപിടിക്കുവാനും തെരഞ്ഞെടുക്കുവാനും പ്രതിരോധമാർഗ്ഗങ്ങളെക്കുറിച്ച് ബോധവത്കരിക്കുന്നതിനും വർക്ക് ഷോപ്പുകൾ സംഘടിപ്പിക്കുന്നതിനുമായി, വർക്ക് ഷോപ്പ് ഒന്നിന് 10000 രൂപ വീതം നൽകികൊണ്ട് 28 വർക്ക് ഷോപ്പുകൾക്കായി 2.8 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. മരുന്നുതളി ഉൾപ്പെടെയുള്ള കീടരോഗനിയന്ത്രണമാർഗ്ഗങ്ങൾ നടപ്പിലാക്കുന്നതിന് തെരഞ്ഞെടുത്ത പ്ലാന്റ് പ്രൊട്ടക്ഷൻ ഗ്രൂപ്പുകൾക്ക് പരിശീലനങ്ങൾ സംഘടിപ്പിക്കുന്നതിന് ഒരു പരിശീലനത്തിന് 25000 രൂപ വീതം നൽകി കൊണ്ട് 28 |

| | |
|---|---|
| | പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിന് 7 ലക്ഷം രൂപ പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്. കൂടാതെ ഓരോ പരിപാടിയുടെയും ഡോക്കുമെന്റേഷൻ, മറ്റ് ചിലവുകൾ എന്നിവയ്ക്കായി 50000 രൂപയും പദ്ധതിയിൽ നീക്കി വച്ചിട്ടുണ്ട്. മേൽപറഞ്ഞ എല്ലാ പദ്ധതി ഘടകങ്ങളും സംസ്ഥാനത്തുടനീളം നടപ്പിലാക്കിവരുന്നു. കൂടാതെ രോഗകീടബാധ പൊട്ടിപ്പുറപ്പെടുന്ന സാഹചര്യം ഉണ്ടായാൽ ആയതിന്റെ തോത് വിലയിരുത്തി നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിക്കുന്ന മുറയ്ക്ക് ധനസഹായവും നൽകിവരുന്നു. വെള്ളീച്ചയുടെ ആക്രമണം രൂക്ഷമായിട്ടുള്ള വടക്കൻ ജില്ലകൾ കേന്ദ്രീകരിച്ച് CDB യുടെ ആഭിമുഖ്യത്തിൽ തെങ്ങുകളിലെ വെള്ളീച്ചയുടെ ആക്രമണം, തെങ്ങുകളുടെ പരിചരണം എന്നീ വിഷയം സംബന്ധിച്ച് ഒരു ഏകദിന ശില്പശാല കൃഷി വകുപ്പ് ഉദ്യോഗസ്ഥർക്കും കർഷകർക്കും നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) തെങ്ങുകളിൽ ബാധിക്കുന്ന രോഗങ്ങളെ നീക്കുന്നതിന് ആവശ്യമായ മരുന്നുകൾ കൃഷി ഓഫീസുകൾ വഴി വിതരണം ചെയ്യുന്നുണ്ടോ; വിശദമാക്കുമോ? | (സി) തെങ്ങുകളെ ബാധിക്കുന്ന രോഗങ്ങൾക്കെതിരെ മരുന്നുകൾ കൃഷി ഭവൻ മുഖേന വിതരണം ചെയ്യുന്നില്ല. എന്നാൽ നാളീകേര വികസന പദ്ധതിയായ കേരഗ്രാമം മുഖേന സംയോജിത കീട- രോഗ നിയന്ത്രണമാർഗ്ഗങ്ങൾ അവലംബിക്കുന്നതിന് കർഷകർക്ക് സഹായം നൽകിവരുന്നുണ്ട് അതിൻപ്രകാരം സസ്യസംരക്ഷണ പ്രവർത്തനങ്ങൾക്ക് തെങ്ങൊന്നിന് 10 രൂപയും ജീവാണു വളങ്ങൾ ഉപയോഗിക്കുന്നതിനും ജൈവിക നിയന്ത്രണ മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനും തെങ്ങൊന്നിന് 75 രൂപയും ആനുകൂല്യമായി നൽകി വരുന്നു. |

**സെക്ഷൻ ഓഫീസർ**